# നീര ഉൽപാദനത്തിന് അനുമതി

തിരുവനന്തപുരം● ഉന്നതതല സമിതി ശുപാർശയനുസരിച്ചു നീരയുടെയും അതിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെയും ഉൽപാദനത്തിനു മന്ത്രിസഭായോഗം വ്യവസ്ഥകളോടെ അനുമതി നൽകിയതായി മന്ത്രി കെ. ബാബു അറിയിച്ചു.

സംസ്ഥാനത്തു നീര ഉൽപാദനം, വിതരണം എന്നിവ പ്രായോഗികമാക്കാൻ അബ്കാരി ചട്ടങ്ങളിൽ മാറ്റം വരുത്തും. കള്ളുഷാപ്പുകളിൽ നീര വിൽപന അനുവദിക്കില്ല.